DESPATCHED
On..04/06/2020

29/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
**Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920**
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1093(4)/2013/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.7287/SIC-Gen 2/2013**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സിറിൽ,
അമ്പലക്കണ്ടിപറമ്പ്,
നോർത്ത് ബേപ്പൂർ,
കോഴിക്കോട് – 673 015.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
റവന്യൂ ഡിവിഷണൽ ഓഫീസ്,
കോഴിക്കോട്.

2. അപ്പീൽ അധികാരി &
റവന്യൂ ഡിവിഷണൽ ഓഫീസർ,
റവന്യൂ ഡിവിഷണൽ ഓഫീസ്,
കോഴിക്കോട്.
} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 05.04.13ൽ നൽകിയ വിവരാവകാശ അപേക്ഷയിൽ, ടിയാൻ കോഴിക്കോട് R.D.O.യ്ക്ക് നൽകിയ പരാതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ചോദിച്ചിട്ട് കൃത്യമായി ലഭിച്ചില്ല എന്നതാണു പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 21.06.13ന് കമ്മീഷൻ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതനുസരിച്ച് ഒന്നാം എതിർകക്ഷി 25.06.13ൽ റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു.

"05.04.13ന് ലഭിച്ച അപേക്ഷയ്ക്ക് 30.04.13ന് മറുപടി അയച്ചു കൊടുത്തിരുന്നു. ഈ ഓഫീസിൽ ലഭ്യമായ വിവരങ്ങളാണ് നൽകിയിരിക്കുന്നത്. പ്രസ്തുത കത്ത് 'not known' എന്ന പുറത്തെഴുത്തോടു കൂടി തിരികെ ലഭിച്ചിരിക്കുന്നു. കക്ഷി 13.05.13ന് നൽകിയ അപ്പീൽ ഹർജിയുടെ അടിസ്ഥാനത്തിൽ മറുപടിയുടെ കോപ്പി 18.05.13ന് A-75/13/RIA ആയി അയച്ചുകൊടുത്തിരിക്കുന്നു. ടിയാന്, ലഭ്യമായ കൃത്യ വിവരങ്ങൾ സമയപരിധിക്കകം അയച്ചിരിക്കുന്നതിനാൽ അപ്പീൽ ഹർജി തള്ളി തീർപ്പാക്കാൻ അപേക്ഷിക്കുന്നു."

3. ഒന്നാം എതിർകക്ഷിയുടെ റിപ്പോർട്ടിൽ നിന്ന് അപ്പീൽ ഹർജിക്കാരന് ഇതിനകം മറുപടി ലഭിച്ചിട്ടുള്ളതായി കമ്മീഷൻ കരുതുന്നു. ഇനിയും ഇതുമായി ബന്ധപ്പെട്ട് പരാതിയുണ്ടെങ്കിൽ, ആയത് കമ്മീഷനെ അറിയിക്കുന്ന പക്ഷം, അതൊരു പരാതി ഹർജിയായി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

4. മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ ഹർജി ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 29–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.